**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1747 — 07.03.2018 ൽ മറുപടിക്ക്

# താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എം. ആരിഫ്<br>,, സി.കൃഷ്ണൻ<br>,, വി. കെ. സി. മമ്മത് കോയ<br>,, കെ. ആൻസലൻ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | താലൂക്ക് ആശുപത്രികളിലെ സേവനവും ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പ് വരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്ന് വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകൾക്കു പുറമേ ആർദ്രം മിഷനുമായി ബന്ധപ്പെട്ട് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 44 താലൂക്ക് ജില്ലാ തല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കാത്ത് ലാബ് യൂണിറ്റ് വികസനത്തിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന പ്ലാൻ ഫണ്ട് വഴിയും പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും രോഗി സൗഹൃദമാക്കാനും കഴിയുന്നതാണ്. ജനറൽ/ജില്ലാ ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങൾക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങുവാൻ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ [illegible] |

| | | | |
|---|---|---|---|
| | | | ഘട്ടം ഘട്ടമായി ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |
| (ബി) | താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | കിഫ്ബി മാന്ദ്യവിരുദ്ധപദ്ധതിയിൽ ഉൾപ്പെടുത്തി 44 താലൂക്കാശുപത്രികളിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു വരികയാണ്. കൂടാതെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല താലൂക്കാശുപത്രി, നെടുങ്ങോലം സാമൂഹ്യാരോഗ്യ കേന്ദ്രം, താലൂക്കാശുപത്രി ഹരിപ്പാട്, താലൂക്കാശുപത്രി കട്ടപ്പന, ജില്ലാ ആശുപത്രി അടിമാലി, താലൂക്കാശുപത്രി ആറ്റിങ്ങൽ എന്നിവിടങ്ങളിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കൂടുതൽ താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സമയബന്ധിതമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | കിഫ്ബിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിലെ എട്ടും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2 ആശുപത്രികളിലും കാത്ത് ലാബ്, ആൻജിയോപ്ലാസ്റ്റി സൗകര്യങ്ങൾ എന്നിവ ഘട്ടം ഘട്ടമായി ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകൾക്കു പുറമേ 44 താലൂക്ക് ജില്ലാ തല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കാത്ത് ലാബ് യൂണിറ്റ് വികസനത്തിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന പ്ലാൻ ഫണ്ട് വഴിയും പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും രോഗി സൗഹൃദമാക്കാനും കഴിയുന്നതാണ്. ജനറൽ/ജില്ലാ ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങൾക്കു വേണ്ട ഉപകരണങ്ങൾ വാങ്ങുവാൻ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | താലൂക്ക് ആശുപത്രികളിലെ ലേബർ റൂമുകൾ, ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകൾ എന്നിവ കൂടുതൽ സൗകര്യപ്രദമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | താലൂക്ക് ആശുപത്രികളിലെ ലേബർ റൂമുകൾ, ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകൾ എന്നിവ സൗകര്യപ്രദമാക്കുന്നതിന്റെ ഭാഗമായി ദേശീയ ആരോഗ്യ ദൗത്യ പദ്ധതികളായ ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്, ന്യൂബോൺ കെയർ കോർണർ, സിക്ക് ന്യൂബോൺ കെയർ യൂണിറ്റ് എന്നിവ [illegible] |

| | | | |
|---|---|---|---|
| | | | ചൈൽഡ് ഹെൽത്ത് എന്നീ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള ഉപകരണങ്ങളും വാങ്ങി ഉറപ്പു വരുത്തുന്നതിന് കോർപ്പറേഷൻ മുഖേന നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | താലൂക്ക് ആശുപത്രികളിലെ ഒ.പി. സേവനങ്ങൾ കൂടുതൽ ഫലപ്രദമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക ഒ.പി.വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവത്കരിച്ച രജിസ്ട്രേഷൻ,ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പു വരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കുക. എന്നിവ ആർദ്രം പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. കൂടാതെ രോഗികൾക്ക് online appointment എടുത്ത് കൺസൾട്ടേഷൻ നടത്താനുള്ള software തയ്യാറായിക്കഴിഞ്ഞു. പ്രസ്തുത പദ്ധതിക്കുള്ള ആദ്യഘട്ട പ്രവർത്തനത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ നിന്നും G.O(Rt)773/17/H&FWD datd 22.03.2017 സർക്കാർ ഉത്തരവ് പ്രകാരം 12.92 കോടി രൂപ നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ